താനൂർ ആറാക്കോയ തങ്ങൾ അന്തരിച്ചു



72 വയസ്സ്

കോഴിക്കോട്, മേയ് 13_മലബാറിലെ മിക്ക സയ്യിദ് കുടുംബവുമായി ബന്ധമുള്ള ഒരുന്നത വ്യക്തിയും താനൂരിലെ പ്രമുഖ പ്രമാണിയും ഒരു സമുദായ സ്നേഹിയുമായ എം. വി. ആറാക്കോയ തങ്ങൾ (71) ഇന്നു പുലർച്ചെ ഇവിടെത്തെ മെഡിക്കൽകോളേജ് ആശുപത്രിയിൽവെച്ച് ഹൃദ്രോഗംമൂലം നിര്യാതനായിരിക്കുന്നു.

മുസ്ലിംലീഗ് പ്രവർത്തനവുമായി ബന്ധപ്പെട്ട ആറാക്കോയതങ്ങൾ 1952 മുതൽക്കുണ്ടായ എല്ലാ തിരഞ്ഞെടുപ്പുകളിലും ലീഗ് സ്ഥാനാർത്ഥികളുടെ വിജയത്തിനുവേണ്ടി സജീവമായി പ്രവർത്തിച്ചിരുന്നു.

പഴയകാല മുസ്ലിംലീഗ് നേതാക്കളിൽ കരാളാണ് തങ്ങൾ. ജ അബ്ദുസ്സത്താർസേട്ട്, സീതിസാഹിബ്, ഖാഇദെമില്ലത്ത്, പോക്കർസാഹിബ് തുടങ്ങിയ നേതാക്കന്മാർ താനൂരിൽ വന്നപ്പോഴെല്ലാം ജ. ആറാക്കോയതങ്ങളുടെ അതിഥികളായിരുന്നു.

താനൂർ ഇസ്ലാഹുൽഉലൂം അറബിക്കോളേജ് നടത്തുന്ന അസാസുൽഇസ്ലാം സഭയുടെ മാനേജിംഗ്കമ്മിറ്റി അംഗമായിരുന്നു തങ്ങൾ.

താനൂർ നഗരം പഞ്ചായത്തുബോർഡ് മെമ്പറായി അദ്ദേഹം കുറേക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പരേതനു ഭാര്യയും രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. പൊന്നാനിയിലെ യു. സി. ഇമ്പിച്ചിക്കോയതങ്ങളും ജ: തങ്ങളുടെ പുത്രനായ സെയ്യിദ് അബ്ദുല്ല ബാഫഖിയും പരേതന്റെ ജാമാതാക്കളാണ്.

പരേതനോടുള്ള ബഹുമാനസൂചകമായി താനൂർ നഗരത്തിലെ കടകൾ അടച്ച് ഹർത്താൽ ആചരിക്കയുണ്ടായി.

ഏതാനും കൊല്ലങ്ങളായി ശയ്യാവലംബിയായിക്കഴിയുകയായിരുന്നു പരേതൻ.

പരേതനു അല്ലാഹു മഗ്ഫിറത്ത് നൽകട്ടെ ആമീൻ.

....—....

ഇരിട്ടിയിലെ